"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ അന്യത്ര സേവന വ്യവസ്ഥയിൽ അസിസ്റ്റന്റായി സേവനമനുഷ്ഠിച്ച് വരുന്ന പഞ്ചായത്ത് വകുപ്പിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ. എം. ഷാജഹാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി സ്ഥാനക്കയറ്റം ലഭിച്ചതിനു ശേഷവും തെരഞ്ഞെടുപ്പ് കമ്മീഷനിൽ അസിസ്റ്റന്റായി 28.11.2019 മുതൽ 06.11.2020 വരെ സേവനത്തിൽ തുടർന്നത് ഒരു പ്രത്യേക കേസായി പരിഗണിച്ച് ചട്ടങ്ങളിൽ ഇളവ് അനുവദിച്ച് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്**

**സ.ഉ.(കൈ) നം.35/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 12/02/2021

---

പരാമർശം:- 1 സ. ഉ. (സാധാ) നം. 2430/2019/ത.സ്വ.ഭ.വ. തീയതി 02.11.2019

2 പഞ്ചായത്ത് ഡയറക്ടറുടെ 28/11/2019 ലെ PAN/100/2019-E1 (DP)(1) നമ്പർ നടപടിക്രമങ്ങൾ.

3 സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 04.02.2020 ലെ SEC/654/2019-A1 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ പരാമർശം (1) പ്രകാരം 07.11.2019 മുതൽ 06.11.2020 കാലയളവിലേയ്ക്ക് അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ച് വന്നിരുന്ന പഞ്ചായത്ത് വകുപ്പിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ. എം. ഷാജഹാൻ പരാമർശം (2) പ്രകാരം 28.11.2019 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി സ്ഥാനകയറ്റം ലഭിച്ചതിനു ശേഷവും തിരഞ്ഞെടുപ്പ് കമ്മീഷനിൽ അസിസ്റ്റന്റായി അന്യത്ര സേവന വ്യവസ്ഥയിൽ തുടർന്നത് ഒരു പ്രത്യേക കേസായി പരിഗണിച്ച് ചട്ടങ്ങളിൽ ഇളവ് അനുവദിച്ച് സാധൂകരണം നൽകി ഉത്തരവാകണമെന്ന് പരാമർശം (3) പ്രകാരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു. 2010, 2015 വർഷങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പുകളിൽ തിരഞ്ഞെടുപ്പ് കമ്മീഷനിൽ തിരഞ്ഞടുപ്പ് നടത്തിയതുമായി ബന്ധപ്പെട്ട് സേവനമനുഷ്ഠിച്ച് പ്രവർത്തി പരിചയമുള്ളതിനാൽ 2020 ലെ പൊതു തിരഞ്ഞെടുപ്പിന് കൂടി ശ്രീ. ഷാജഹാന്റെ സേവനം, ഉപയോഗപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് കമ്മീഷൻ സെക്രട്ടറി അറിയിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി സ്ഥാനകയറ്റം ലഭിച്ചതിനു ശേഷവും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ അസിസ്റ്റന്റ് തസ്തികയിൽ ശ്രീ. എം. ഷാജഹാൻ അന്യത്ര സേവന വ്യവസ്ഥയിൽ 28.11.2019 മുതൽ 06.11.2020 വരെ സേവനമനുഷ്ഠിച്ചത് കെ.എസ്.ആർ ഭാഗം I, ചട്ടം 140(c), 28/11/2013 ലെ സ.ഉ.(അ) നം. 580/2013/ധന ഉത്തരവ് എന്നിവയിലെ വ്യവസ്ഥകളിൽ ഇളവ് നൽകി, ഒരു പ്രത്യേക കേസായി പരിഗണിച്ച് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

സെക്രട്ടറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ. ഷാജഹാൻ, അസിസ്റ്റന്റ്, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ,

(സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ മുഖേന)

അക്കൗണ്ടന്റ് ജനറൽ ആഡിറ്റ്/(എ&ഇ), തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by Pradeesh Kumar M K
Date: 2021.02.15 14:08:24 IST
Reason: Approved

സെക്ഷൻ ഓഫീസർ